# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പോരൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം. 5/160/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 09/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം. 5/160/2023 തീയ്യതി: 09/03/2023

## മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-06-2022 മുതൽ 13-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 24-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-01-2023 | 24-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.അബ്ദുൽ ജലീൽ ടി.പി. - ഓഡിറ്റ് ഓഫീസർ.(ഹ.ഗ്രേ)
2. ശ്രീ.രാമകൃഷ്ണൻ. ടി. - സീനിയർ ഗ്രേഡ് ഓഡിറ്റർ
3. ശ്രീ.റഷീദ്.വി. - സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീമതി. ഷീബ. പി. - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എൻ. മുഹമ്മദ് ബഷീർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.കവിത ജോസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 07-04-2021 |
| ശ്രീ.സത്യകുമാരൻ. കെ.കെ | സെക്രട്ടറി | 08-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. കവിതജോസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 15-07-2021 |
| ശ്രീമതി. ജയശ്രീ. സി.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 16-07-2021 | 20-11-2021 |
| ശ്രീ.അനിൽ കുമാർ. കെ.പി | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്) | 21-11-2021 | 19-12-2021 |
| ശ്രീ. സതീഷ് കുമാർ വി. | അസിസ്റ്റന്റ് സെക്രട്ടറി | 20-12-2021 | 31-03-2022 |
| ശ്രീ.നന്ദകുമാർ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. രാകേഷ് സോമരാജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 05-01-2022 |
| ശ്രീ. ഫാജിഷ് വഹാബ് എ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 06-01-2022 | 31-03-2022 |
| ശ്രീമതി. ലിനി.ജി | കൃഷി ഓഫീസർ | 01-04-2021 | 09-06-2021 |
| | | 07-12-2021 | 31-03-2022 |
| ശ്രീമതി. നെഹല എ.പി. | കൃഷി ഓഫീസർ | 10-06-2021 | 06-12-2021 |
| ഡോ. രവികുമാർ എം. | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. നിമ്മി. കെ. എബ്രഹാം | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. അനുല എസ്. മേനോൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 30-09-2021 |
| ശ്രീ. മിഥുൻ ടി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-10-2021 | 31-03-2022 |
| ഡോ. രേഷ്മ. വി | മെഡിക്കൽ ഓഫീസർ, പി. എച്ച്. സി | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ. സിന്ധ്യ. പി | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.സുനിൽബാബു. പി.പി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി. | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്ക് പരിശോധന- അപാകതകൾ | 1-11 |
| 12 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ - മരുന്നുകൾ ലഭ്യമായില്ല. | 1-12 |
| 13 | ബയോബിൻ വിതരണം - വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിലൽ. | 1-13 |
| 14 | ഡയാലിസിസ് രോഗികൾക്ക് ധനസഹായം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-14 |
| 15 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-15 |
| 16 | ചെലവുരേഖകൾ/വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-16 |
| 17 | പരസ്യചാർജ്ജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമാക്കിയില്ല. | 1-16-1 |
| 18 | കെ എസ് ഇ ബില്ല് തുക നല്കിയത് - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് | 1-16-2 |
| 19 | ഗുണഭോക്താക്കൾക്ക് തുക തിരികെ നൽകിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-16-3 |
| 20 | ക്ലീനിംഗ് സ്റ്റാഫിന് വേതനം- കൈപ്പറ്റ് വിവരം ലഭ്യമാക്കേണ്ടതാണ്. | 1-16-4 |
| 21 | സാക്ഷരതാ പ്രേരകിന് തനത്ഫണ്ടിൽ നിന്നും ഹോണറേറിയം- ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്. | 1-16-5 |
| 22 | വിനിയോഗ വിവരം ലഭ്യമാക്കിയില്ല. | 1-17 |
| 23 | ജലനിധി പദ്ധതികൾ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-18 |
| 24 | വിവിധ ക്ഷേമ പെൻഷനുകളുടെ വിതരണം -അപാകതകൾ | 1-19 |

| | | |
|---|---|---|
| 25 | വസ്തു നികുതി നിർണയിച്ചതിൽ അപാകത | 1-20 |
| 26 | തൊഴിൽനികുതി ഈടാക്കേണ്ടതാണ്. | 1-21 |
| 27 | അധിക ചെലവ്, 27631 രൂപ തിരിച്ചടച്ചു. | 1-22 |
| 28 | സ്ഥല പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-23 |
| 29 | എയ്ഡഡ് സ്കൂളുകളിൽ ആസ്തി വികസനപ്രവൃത്തി നടത്തിയത്; അപാകതകൾ | 1-24 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021 -22 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1 (1)/23-02-2021 | 3/25-02-2022 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 22.08.2022 |

സാമ്പത്തിക വർഷം അവസാനിച്ച് നാലുമാസത്തിനുള്ളിൽ വാർഷിക ധനകാര്യപത്രിക പരിശോധനക്ക് ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21695276 |
| വരവ് | 117844626 |
| ആകെ | 139539902 |
| ചെലവ് | 106259278 |
| നീക്കിയിരിപ്പ് | 33280624 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 17505036 | 17505036 | 16484256 | 1020780 |
| വികസനഫണ്ട് (എസ്.സി.പി) | 00 | 14087017 | 14087017 | 13483562 | 603455 |
| വികസനഫണ്ട് (ടി.എസ്.പി) | 00 | 00 | 00 | 00 | 00 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 00 | 12688840 | 12688840 | 11623152 | 1065688 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 00 | 5999108 | 5999108 | 5275174 | 723934 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied | 00 | 10438848 | 10438848 | 4869482 | 5569366 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Untied | 00 | 3581000 | 3581000 | 3570690 | 10310 |
| ബി ഫണ്ട് | 00 | 61933380 | 61933380 | 61933380 | 00 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2021-22 | 224 | 173589368 | 173 | 76581053 | 6 | 45 | 77.23 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 116922 | 1043473 | 1160395 | 1136804 | 23591 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 19872123 | 19872123 | 19872123 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1200 | 01 |
| കർഷകതൊഴിലാളി പെൻഷൻ | 4046800 | 223 |
| വിധവാപെൻഷൻ | 19197400 | 1100 |
| വാർദ്ധക്യകാലപെൻഷൻ | 29950000 | 1996 |
| വികലാംഗപെൻഷൻ | 6693200 | 463 |
| വിവാഹ ധനസഹായം | 120000 | 4 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1752400 | 111 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.01.2023 ന് 11.45 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17616/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ജി.ഒ. (എം.എസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. എന്നാൽ പിഎച്ച്സി മെഡിക്കൽ ഓഫീസർ, വെറ്റിനറി സർജൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,അസിസ്റ്റന്റ് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ഫയലിൽ മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.
കൂടാതെ,ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.12.2022 | 2022 നവംബർ | 16.12.2022 |
| എ.ജി ഓഡിറ്റ് | 25.07.2007 മുതൽ 06.08.2007 വരെ | 1997-98 മുതൽ 2006-07 വരെ | 06.09.2007 |

## 1-11 വാർഷികകണക്ക് പരിശോധന- അപാകതകൾ

വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

3)അക്കൗണ്ട്സ് റൂളിലെ, ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ തുകകൾ പൂർണ്ണ രൂപയിലാണ് രേഖപ്പെടുത്തേണ്ടത്. ചില തുകകൾ അംശമായും രേഖപ്പെടുത്തിയിട്ടുണ്ട്.

4)കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58(4)എ പ്രകാരമുള്ള സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തിയിട്ടില്ല. B-14 Stock In Hand (Inventories).

5) ബിൽഡിംഗ് റെഗുലറൈസേഷൻ ഫീസ് ഇനത്തിൽ 2,40,458രൂപ വരവുണ്ടെങ്കിലും രേഖകൾ ലഭ്യമല്ലാത്തിനാൽ തുകയുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

6)മെയിന്റനൻസ് ഫണ്ട് (റോഡിതരം) ഇനത്തിൽ ചെലവ് തുക എ സി ആർ പ്രകാരം 52,75,174 രൂപ.ആയത് വാർഷികകണക്ക് പ്രകാരം 52,33,605 രൂപ. 41569രൂപ വ്യത്യാസത്തിന് കാരണം വ്യക്തമല്ല.

(ഓഡിറ്റ് എൻക്വയറി നം.13 /2021-22/23.01.23ന് മറുപടി ലഭിച്ചിട്ടില്ല)

## 1-12 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ - മരുന്നുകൾ ലഭ്യമായില്ല.

1). 61/22 - പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ.

പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പ്രകാരം 6,47,385/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂറായി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ. | പ്രൊഫോർമ ഇൻവോയിസ് നമ്പർ / തീയതി | ബിൽ നമ്പർ/തീയതി | മുൻകൂറായി അനുവദിച്ച തീയതി |
|---|---|---|---|
| 1 | PRF 3727 തീയതി. 03.12.2021 | 21151452023000747344/03.12.2021 | 2,50,000/- |
| 2 | PRF 3700 തീയതി. 30.11.2021 | 21151452023000882378/04.01.2022 | 1,19,500/- |
| 3 | PRF 6336 തീയതി. 28.02.2022 | 21151452023001262988/07.03.2022 | 2,50,000/- |
| 4 | PRF 6337 തീയതി. 28.02.2022 | 21151452023001262992/07.03.2022 | 27,885/- |

എന്നാൽ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് ഇഷ്യു വിവരങ്ങൾ സഹിതം അറിയിക്കേണ്ടതാണ്.

2). 79/22 – പരിരക്ഷ.

പരിരക്ഷ പദ്ധതിയുടെ ഭാഗമായി ബിൽ നം.21151452023001351365 തിയ്യതി. 17.03.2022 പ്രകാരം 81,356/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂറായി നൽകിയിട്ടുണ്ട് (പ്രൊഫോർമ ഇൻവോയിസ് നമ്പർ.PRF6610 തീയതി.07.03.2022). എന്നാൽ മരുന്നുകൾ ലഭ്യമായിട്ടില്ല.

3). 64/22 – ജീവിത ശൈലീ രോഗങ്ങൾക്ക് വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ.

ജീവിത ശൈലീ രോഗങ്ങൾക്ക് വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പ്രകാരം 4,00,000/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂറായി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ. | പ്രൊഫോർമ ഇൻവോയിസ് നമ്പർ / തീയതി | ബിൽ നമ്പർ/തീയതി | മുൻകൂറായി അനുവദിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | PRF 3678 തീയതി. 30.11.2021 | 21151452023000747348/03.12.2021 | 2,00,000/- |
| 2 | PRF 3681 തീയതി. 30.11.2021 | 21151452023000864310/18.12.2021 | 2,00,000/- |

എന്നാൽ താഴെ പറയുന്ന ഇൻവോയിസുകൾ പ്രകാരം 1,76,705/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്.

| ക്രമ നമ്പർ. | ഇൻവോയിസ് നമ്പർ/തീയതി | തുക |
|---|---|---|
| 1 | 3909 / 07.06.2022 | 83,103/- |
| 2 | 3914 / 07.06.2022 | 63,727/- |
| 3 | 16335 / 08.11.2022 | 29,875/- |
| ആകെ | | 1,76,705/- |

ബാക്കി 2,23,295/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 15/23.01.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-13 ബയോബിൻ വിതരണം - വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 215/22 |
| പ്രൊജക്ടിന്റെ പേര് | മാലിന്യ സംസ്കരണ പ്രവർത്തനം - വീടുകളിലേക്ക് ബയോബിൻ വിതരണം. |
| അടങ്കൽ തുക | 16,50,000/- രൂപ |
| വിനിയോഗിച്ച തുക | 10,54,575/- രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>1,17,175/- രൂപ (ഗുണഭോക്തൃ വിഹിതം) |
| ചെക്ക് നമ്പർ / തീയതി | 014017 തീയതി.30.03.2022 - 10,54,575/- രൂപ.<br>XY-2125244 തീയതി.31.03.2022 - 1,17,175/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മാലിന്യ സംസ്കരണ പ്രവർത്തനം - വീടുകളിലേക്ക് ബയോബിൻ വിതരണം എന്ന പദ്ധതി പ്രകാരം 11,71,750/- രൂപ ചെലവഴിച്ചിട്ടുണ്ട്. റാം ബയോളജിക്കൽസ്, കക്കോടി.പി.ഒ, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 2,150/- രൂപ (ജി.എസ്.ടി ഉൾപ്പെടെ) നിരക്കിൽ 545 ബയോബിന്നുകളാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ താഴെ പറയുന്ന പ്രകാരം 195 ബയോബിന്നുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്.

| വാർഡ് നമ്പർ | ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ഗുണഭോക്താക്കളുടെ എണ്ണം. | വിതരണ ലിസ്റ്റ് പ്രകാരം ബയോബിന്നുകൾ കൈപ്പറ്റിയവരുടെ എണ്ണം. |
|---|---|---|
| 1 | 14 | ലിസ്റ്റില്ല. |
| 2 | 18 | 14 |
| 3 | 44 | ലിസ്റ്റില്ല. |
| 4 | 50 | 47 |
| 5 | 33 | 29 |
| 6 | 25 | 18 |
| 7 | 86 | ലിസ്റ്റില്ല. |
| 8 | 54 | ലിസ്റ്റില്ല. |
| 9 | 22 | ലിസ്റ്റില്ല. |
| 10 | 31 | ലിസ്റ്റില്ല. |
| 11 | 41 | 32 |
| 12 | 19 | 19 |

| | | |
|---|---|---|
| 13 | 36 | 36 |
| 14 | 19 | ലിസ്റ്റില്ല. |
| 15 | 54 | ലിസ്റ്റില്ല. |
| 16 | 17 | ലിസ്റ്റില്ല. |
| 17 | 82 | ലിസ്റ്റില്ല. |
| ആകെ | 645 | 195 |

ബയോബിന്നുകൾ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല. 545 ഗുണഭോക്താക്കളിൽ നിന്നായി 117175/-രൂപ ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടുണ്ട്. 350 ബയോബിന്നുകൾ കൂടി വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. 350 ബയോബിന്നുകളുടെ വിലയായ 7,52,500/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

(എൻക്വയറി നമ്പർ.16/24.01.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-14 ഡയാലിസിസ് രോഗികൾക്ക് ധനസഹായം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| | | |
|---|---|---|
| പദ്ധതി നമ്പർ | : | 214/22 |
| പേര് | : | ഡയാലിസിസ് രോഗികൾക്ക് ധനസഹായം. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| അടങ്കൽ തുക (₹) | : | 16,000/- (വികസന ഫണ്ട് - ജനറൽ) |
| ചെലവ് (₹) | : | 16,000/- |
| ബിൽ നമ്പർ / തീയതി | : | 2115145202300l230147 / 02.03.2022 |

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിലെ നം. 1461/22 - ഡയാലിസിസ് രോഗികൾക്ക് ധനസഹായം എന്ന പദ്ധതി പ്രകാരം പോരൂർ ഗ്രാമപഞ്ചായത്തിലെ 2 ഗുണഭോക്താക്കൾക്ക് ഒരു മാസത്തിന് 2000/- രൂപ തോതിൽ 4 മാസത്തേക്കുള്ള വിഹിതമായ 16,000/- രൂപ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 04/19.01.2023) വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് കൊണ്ട് ജില്ലാ പഞ്ചായത്തിലേക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-15 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 34/22 |
| പ്രൊജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - ജനറൽ. |
| അടങ്കൽ തുക | 25,60,531/- രൂപ |
| ചെലവഴിച്ച തുക | 13,60,531/- രൂപ (വികസന ഫണ്ട് - ജനറൽ)<br>3,35,769/- രൂപ (ബ്ലോക്ക് പഞ്ചായത്ത്)<br>6,00,000/- രൂപ (ജില്ലാ പഞ്ചായത്ത്) |
| ആകെ | 2,29,6300 |
| നിർവ്വഹണ ഉദ്യോഗസ്ഥ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം പരമാവധി അനുവദിക്കാവുന്ന ധനസഹായം 28,500/- രൂപയാണ്. എന്നാൽ വിനയ.പി, D/o.ജയപ്രകാശ്, പൂളക്കൽ ഹൌസ്,

പോരൂർ.പി.ഒ എന്ന ഗുണഭോക്താവിന് 38,500/- രൂപ താഴെ പറയുന്ന പ്രകാരം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ / തീയതി | അനുവദിച്ച തുക |
|---|---|---|
| 1 | 2115145202340035 4333/ 27.08.2021 | 7,500/- |
| 2 | 2115145202340055 8994/ 26.10.2021 | 10,000/- |
| 3 | 2115145202340067 3649/ 19.11.2021 | 10,000/- |
| 4 | 2115145202340095 0936/ 15.01.2022 | 11,000/- |
| ആകെ | | 38,500/- |

അസീം.കെ, S/o.കുഞ്ഞിമുഹമ്മദ്, കണ്ണിയൻ ഹൌസ്, ചേരിപ്പറമ്പ്, ചാത്തങ്ങോട്ടുപുറം.പി.ഒ എന്ന വിദ്യാർത്ഥിക്ക് അർഹമായ 28,500/- രൂപയിൽ 18,500/- രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. കുമാരി. വിനയ.പി എന്ന വിദ്യാർത്ഥിനിക്ക് 10,000/- രൂപ അധികം നൽകിയതിനും ശ്രീ.അസീം.കെ എന്ന വിദ്യാർത്ഥിക്ക് 10,000/- രൂപ കുറവായി നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് (ഓഡിറ്റ് എൻക്വയറി നമ്പർ. 02/19.01.2023) അധികം നൽകിയ തുക 24.01.2023 തീയതിയിൽ രശീതി നമ്പർ.1220102930/G100303 പ്രകാരം ഗ്രാമപഞ്ചായത്തിൽ അടവാക്കുകയും ടി തുക ശ്രീ.അസീം.കെ എന്ന വിദ്യാർത്ഥിക്ക് നൽകുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. തുക വിതരണം ചെയ്ത് അറിയിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ചെലവുരേഖകൾ/വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

തനത്ഫണ്ടിൽ നിന്നും 2021-22 വർഷത്തിൽ സെക്രട്ടറി നടത്തിയിട്ടുള്ള താഴെ പറയുന്ന ചെലവുകൾക്ക് ആധാരമായ രേഖകൾ/വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.അപാകതകൾ പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (ഓഡിറ്റ് എൻക്വയറി നം. 10/21-22/23.01.2023)മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-16-1 പരസ്യചാർജ്ജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമാക്കിയില്ല.

ജി.ഒ.(ആർ.ടി)നം. 288/2014/ഐ&പി.ആർ.ഡി തീ.10-09-2014 പ്രകാരം പരസ്യങ്ങൾ ഐ&പി. ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി ബില്ലുകൾ പ്രകാരം നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് കുറവ് ചെയ്യാതെ മാധ്യമ സ്ഥാപനങ്ങൾ സമർപ്പിച്ച മുഴുവൻ ബിൽ തുകയും അനുവദിച്ചു നൽകുകയാണുണ്ടായത്.

| ക്രമ നം. | വൗച്ചർ നം./തീയ്യതി | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | 22100266/12.08.21 | 8568 | RO No.A2/3713/2018/ 02.02.21<br>മാതൃഭൂമി ദിനപത്രത്തിന് പത്ര പരസ്യം ഇനത്തിൽ നൽകിയ തുക. |
| 2 | 22100949/19.03.22 | 14364 | മാതൃഭൂമി ദിനപത്രത്തിന് പത്ര പരസ്യം ഇനത്തിൽ നൽകിയ ഇനത്തിൽ നൽകിയ തുക.<br>നം.321000100285/02.02.22- 8904<br>നം.321000107440/20.02.22- 5460 |

മേൽ ബില്ലുകളിൽ ക്രമപ്രകാരം 15% ഡിസ്കൗണ്ട് ലഭ്യമാക്കി വിവരമറിയിക്കേണ്ടതാണ്.

### 1-16-2 കെ എസ് ഇ ബിയ്ക്ക് തുക നല്കിയത് - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയ്യതി | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | 22100924/17.03.22 | 9206 | ചേരിപ്പറമ്പ് - താലപ്പൊലിപ്പറമ്പ് റോഡ് -ഇലക്ട്രിക് പോസ്റ്റ് മാറ്റിവെയ്ക്കുന്നതിന് കെ എസ് ഇ ബി ഇലക്ട്രിക്കൽ ഡിവിഷൻ |

| | | | |
|---|---|---|---|
| | | | വണ്ടൂരിന് നൽകിയ തുക<br>- പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു. |
| 2 | 22100168/16.06.21 | 6593 | പോരൂർ വനിതാ വ്യായാമ കേന്ദ്രത്തിനു മുകളിലൂടെ അപകടകരമായ നിലയിൽ വന്നതിനാൽ ഇലക്ട്രിക് പോസ്റ്റ് മാറ്റിവെയ്ക്കുന്നതിന് കെ എസ് ഇ ബി ഇലക്ട്രിക്കൽ ഡിവിഷൻ വണ്ടൂരിന് നൽകിയ തുക<br>- പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു. |
| | ആകെ | 15799 | |

## 1-16-3 ഗുണഭോക്താക്കൾക്ക് തുക തിരികെ നൽകിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

വൗച്ചർ നം. 22100142/ 08.06.2021 പ്രകാരം 60,537 രൂപ 2020-21 വർഷത്തിൽ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം പദ്ധതിയിൽ (പ്രോജക്റ്റ് നം.19/21 )ഗുണഭോക്താക്കളിൽ നിന്നും അധികമായി ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത തുക തനത് ഫണ്ടിൽ അടവാക്കിയത് തിരികെ നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജന് നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് തിരിക നൽകിയോ എന്ന് വ്യക്തമല്ല. വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ആയത് വരെ തുക തടസ്സം ചെയ്യുന്നു.

## 1-16-4 ക്ലീനിംഗ് സ്റ്റാഫിന് വേതനം- കൈപ്പറ്റ് വിവരം ലഭ്യമാക്കേണ്ടതാണ്.

വൗച്ചർ നം. 22100157/ 10.06.21 പ്രകാരം 8580 രൂപ ഡ്യൂട്ടിയിലുള്ള ക്ലീനിംഗ് സ്റ്റാഫിന് വേതനം ഇനത്തിൽ തനത് ഫണ്ടിൽ നിന്നും മെഡിക്കൽ ഓഫീസർ (പി എച്ച് സി ) കൈപ്പറ്റിയിട്ടുണ്ട്. തുക ആർക്ക് , എന്താവശ്യത്തിന് നൽകി എന്നതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ആയത് വരെ തുക തടസ്സം ചെയ്യുന്നു.

## 1-16-5 സാക്ഷരതാ പ്രേരകിന് തനത്ഫണ്ടിൽ നിന്നും ഹോണറേറിയം- ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

വൗച്ചർ നം. 22100050/ 05.05.21 പ്രകാരം 10,000 രൂപ അനിത പി സാക്ഷരതാ പ്രേരക് പോരൂരിന് 2021 മാർച്ച് മാസത്തെ വേതനം ഇനത്തിൽ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. തുക ക്രമീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-17 വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾക്ക് തുക വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

1) പ്രോജക്റ്റ് നം . 210/22

സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് കെ എസ് ഇ ബിക്ക് തുക അടവാക്കൽ (ഡെപ്പോസിറ്റ് വർക്ക്)

വിനിയോഗിച്ച തുക – 2,49,924 രൂപ (പ്ലാൻ -ജനറൽ)

വൗച്ചർ നം.22101153/ 01.11.2021 – 2,49,924രൂപ

പദ്ധതിക്കായി കെ എസ് ഇ ബിയുമായി ഉടമ്പടി ചമച്ചതിന്റെ വിവരം ,പൂർത്തീകരണ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

2)പ്രോജക്റ്റ് നം .207/22

പി എം എ വൈ വിഹിതം (ജനറൽ) അടവാക്കൽ പദ്ധതി

വിനിയോഗിച്ച തുക – 3,50,000രൂപ (പ്ലാൻ -ജനറൽ)

വൗച്ചർ നം.22101282/ 07.03.2022 – 3,50,000രൂപ

3)പ്രോജക്റ്റ് നം.208/22

പി എം എ വൈ വിഹിതം (എസ് സി ) അടവാക്കൽ പദ്ധതി

വിനിയോഗിച്ച തുക – 2,10,000രൂപ (പ്ലാൻ -എസ് സി പി )

വൗച്ചർ നം.22101283/ 07.03.2022 – 2,10,000രൂപ

മേൽ (2),(3) പദ്ധതികൾ പ്രകാരം പി എം എ വൈ ജനറൽ ,എസ് സി വിഹിതം സെക്രട്ടറി വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല.
അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം. 12/2021-22 /23.01.2023)മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ആയത് വരെ തുക തടസ്സം ചെയ്യുന്നു.

## 1-18 ജലനിധി പദ്ധതികൾ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

വൗച്ചർ നം.22100962/22.03.2022 പ്രകാരം 1,80,000രൂപ(ജലനിധി മലപ്പുറം മേഖലാ ഓഫീസിൽ നിന്നും അനുവദിച്ച തുക), പ്രോജക്റ്റ് നം.150/22 ജലനിധിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം അടവാക്കൽ പദ്ധതി പ്രകാരം 36,000രൂപ എന്നിങ്ങനെ ജലശ്രീ വാട്ടർ സപ്ലൈ സ്കീമിനായി നടപ്പു വർഷത്തിൽ 216000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിൽ ഗ്രാമപഞ്ചായത്ത് വിഹിതം കൂടി ഉൾപ്പെട്ടിട്ടുള്ളതാകയാൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിവരം, ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതികളെ സംബന്ധിച്ച വിവരം ,ഗുണഭോക്താക്കളുടെ എണ്ണം, നാളിതുവരെ പ്രസ്തുത പദ്ധതികൾക്കായി തുക ചെലവഴിച്ചതിന്റെ വിവരം , ഇപ്പോഴത്തെ അവസ്ഥ,ജലനിധി പദ്ധതികൾ സംയുക്ത ആസ്തിയായി ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ സംബന്ധിച്ച ഒരു റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.11/21-22/23.01.2023)

## 1-19 വിവിധ ക്ഷേമ പെൻഷനുകളുടെ വിതരണം -അപാകതകൾ

ഗ്രാമപഞ്ചായത്തിലെ ഏതാനും പെൻഷൻ അപേക്ഷകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)കറപ്പൻ മൊനയൻകുന്ന് തൊടിക വീട്, തോട്ടുപുറം ,ചാത്തങ്ങോട്ടുപുറം പി ഒ, എന്ന പെൻഷണർ 26.02 2021 ന് മരണപ്പെട്ടതാണെങ്കിലും (രജി.നം.23/2021 / 19.03.2021) വാർദ്ധക്യകാല പെൻഷനറായ (പെൻഷൻ ഐ ഡി നം.109090200684) ഇവരുടെ പെൻഷൻ നിലവിലും സസ്പെൻഡ് ചെയ്തിട്ടില്ല. 2021 മാർച്ച് മുതൽ നവംബർ 2022 വരെ ഇവരുടെ കെ ജി ബി ചെറുകോട് ബ്രാഞ്ചിലുള്ള 40191100101559 നം അക്കൗണ്ടിൽ തുക ക്രഡിറ്റ് ചെയ്തിട്ടുണ്ട്.(500x1+ 20x1600)33,500രൂപ തിരികെ ഈടാക്കിയും ,പെൻഷൻ സസ്പെൻഡ് ചെയ്തും വിവരം ലഭ്യമാക്കേണ്ടതാണ്.

2) ഉമ്മർ നമ്പ്യാടത്ത്, പുളിയക്കോട് ,ചാത്തങ്ങോട്ടുപുറം (പി ഒ) എന്ന വാർദ്ധക്യകാല പെൻഷനർ 31.05.2021 ന് മരണപ്പെട്ടു(രജി.നം.40/2021/15.06.2021)എന്നാൽ നാളിതുവരെയും പെൻഷൻ സസ്പെൻഡ് (പെൻഷൻ ഐ ഡി നം.109090200678)ചെയ്തിട്ടില്ല. 2021 ജൂൺ മുതൽ നവംബർ 2022 വരെ ഇവരുടെ കെ ജി ബി ചെറുകോട് ബ്രാഞ്ചിലുള്ള 40191100103931 നം അക്കൗണ്ടിൽ തുക ക്രഡിറ്റ് ചെയ്തിട്ടുണ്ട്.( 18x1600)28,800രൂപ തിരികെ ഈടാക്കിയും ,പെൻഷൻ സസ്പെൻഡ് ചെയ്തും വിവരം ലഭ്യമാക്കേണ്ടതാണ്.

3)ആമിന പാറമ്മൽ പുളിയക്കോട്, പോരൂർ പി ഒ എന്ന കർഷകതൊഴിലാളി പെൻഷൻ ഗുണഭോക്താവ് 13.06.2021 ന് (രജി.നം. 46/2021/19.07.21)മരണപ്പെട്ടു.(പെൻഷൻ ഐ ഡി നം.109090100221 )എന്നാൽ നാളിതുവരെയും പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ല..2021 ജൂലൈ മുതൽ നവംബർ 2022 വരെ ഇവരുടെ മലപ്പുറം ജില്ലാസഹകരണ ബാങ്കിലുള്ള 090191200720471 നം അക്കൗണ്ടിൽ തുക ക്രഡിറ്റ് ചെയ്തിട്ടുണ്ട്.( 17x1600)27,200രൂപ തിരികെ ഈടാക്കിയും ,പെൻഷൻ സസ്പെൻഡ് ചെയ്തും വിവരം ലഭ്യമാക്കേണ്ടതാണ്.

4) ഗോപിനാഥൻ പുതിയവീട്ടിൽ പാലക്കോട് ചാത്തങ്ങോട്ടുപുറം പി ഒ എന്ന വാർദ്ധക്യകാല പെൻഷനർ 25.06.21ന് മരണപ്പെട്ടു.( പെൻഷൻ ഐ ഡി നം.109090200815)എന്നാൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്നത് 10.12.2021 നാണ്. 07/21 മുതൽ 2021 നവംബർ വരെ ഇവർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട് .(5x1600)8000രൂപ തിരികെ ലഭ്യമാക്കേണ്ടതാണ്.

5)അബ്ദുൾഹമീദ് മംഗലപറമ്പൻ വീട് , താളിയംകുണ്ട് പോരൂർ പി ഒ എന്ന ഡിസ് എബിലിറ്റിപെൻഷണർ 11.03.2021 ന് മരണപ്പെട്ടു.(പെൻഷൻ ഐ ഡി 10990400417) എന്നാൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്നത് 19.07.22 നാണ്. 4/21 മുതൽ 5/22വരെ അധികമായി കൈപ്പറ്റിയ 22,400രൂപ (14x 1600) തിരികെ (കെ ജി ബി വാണിയമ്പലം ബ്രാഞ്ചിൽ നിന്നും -അക്കൗണ്ട് നം.401681001602) ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

6) മരണ വിവരം മററു സ്ഥാപനങ്ങളിലേക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാൽ തുടർന്നും പെൻഷൻ വാങ്ങിച്ചു വരുന്നു.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | കറപ്പൻ കെ സി കുണ്ടൻചോല പോരൂർ പി ഒ, | 25.05.21 ന് മരണപ്പെട്ടുവെങ്കിലും നിലവിലും കർഷക പെൻഷൻ വാങ്ങിക്കുന്നു. |
| 2 | ഇബ്രാഹിം കുന്നുമ്മൽ വീതനശ്ശേരി ,ചാത്തങ്ങോട്ടുപുറം പി ഒ | 15.01.2021 ന് മരണപ്പെട്ടുവെങ്കിലും നിലവിലും കേരള ബിൽഡിംഗ് ആന്റ് അതർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ പെൻഷൻ വാങ്ങിച്ച് വരുന്നു. |
| 3 | ചെറത്തോടൻ നാടി മൂളിയത്ത് പാലക്കോട് ,ചാത്തങ്ങോട്ടുപുറം പി ഒ, | 26.01.21 ന് മരണപ്പെട്ടുവെങ്കിലും നിലവിലും കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് പെൻഷൻ വാങ്ങിക്കുന്നു. |

അപാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതും ഗ്രാമപഞ്ചായത്തിലെ മുഴുവൻ പെൻഷൻ അപേക്ഷകളും പരിശോധനാ വിധേയമാക്കി മരണപ്പെട്ടവർ പെൻഷൻ വാങ്ങുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 14/23.01.2023 )

## 1-20 വസ്തു നികുതി നിർണയിച്ചതിൽ അപാകത

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ, 14.01.2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ്, പോരൂർ ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30 രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ളവ : 50രൂപ / ച.മീ.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 3(4) ൽ, ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണത്താൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ; ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണ്. കൂടാതെ കേരള പഞ്ചായത്ത് രാജ് നിയമം 203(3) വകുപ്പ് പ്രകാരം ഒരേ ഇനത്തിന് അല്ലെങ്കിൽ അതിന്റെ ഉപവിഭാഗത്തിൽ പെട്ട എല്ലാ കെട്ടിടങ്ങൾക്കും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് എല്ലായിടത്തും ഒരേ അടിസ്ഥാന വസ്തു നികുതി നിരക്ക് ആയിരിക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷത്തിൽ 100ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ വിഭജിച്ച് 100ച.മീ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളായി പരിഗണിച്ച് ചില ഉടമസ്ഥരിൽ നിന്ന് കൂടിയ നിരക്കിലും (50/ച.മീ), ചില ഉടമസ്ഥരിൽ നിന്ന് കുറഞ്ഞ നിരക്കിലും (30/ച.മീ) വസ്തു നികുതി ഈടാക്കിയിട്ടുണ്ട്. ഇപ്രകാരം ഒരേ തരം കെട്ടിടങ്ങൾക്ക് വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ചത് ക്രമപ്രകാരമല്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമ | വിസ്തീർണ്ണം | കെട്ടിട നമ്പർ നൽകിയ വിവരം | | നികുതി നിർണ്ണയിക്കുന്നതിന് പരിഗണിച്ച നിരക്ക് |
|---|---|---|---|---|---|
| 1 | ശ്രീ. അബ്ദുൽ കരീം,പിലാക്കാടൻ | 126.66 ച.മീ | VIII/322A | 43 ച.മീ. | 50 രൂപ / ച.മീ. |
| | | | VIII/322B | 83.66ച.മീ. | |
| 2 | ശ്രീമതി. റംലത്ത്, ഏലംകുളവൻ ഹൗസ്,വാണിയമ്പലം | 121.9 ച.മീ | IV/568 C | 30.48ച.മീ. | 30രൂപ / ച.മീ. |
| | | | IV/568 D | 30.47ച.മീ. | |
| | | | IV/568 E | 60.95ച.മീ. | |
| 3 | ശ്രീ. മുഹമ്മദ് അഷ്റഫ് & ശ്രീമതി. ആരിഫ | 189.3 ച.മീ | IV/262 A | 67.9 ച.മീ. | 30 രൂപ / ച.മീ. |
| | | | IV/262 B | 13.1 ച.മീ. | |
| | | | IV/262 C | 13.1ച.മീ. | |

| | | | | | |
|---|---|---|---|---|---|
| | | | IV/262 D | 95.2 ച.മീ. | |
| 4 | ജിഷ്ണു.പി.പി. | 651.72 ച.മീ | IV/744 A,B | 44.98ച.മീ. വീതം | 50രൂപ / ച.മീ. |
| | | | IV/744 C,D,E,F,G,H,J | 15.96 ച.മീ. വീതം | |
| | | | IV/744K | 73.45ച.മീ. | |
| | | | IV/744 L | 12.99 ച.മീ. | |
| | | | IV/744 M | 47.73ച.മീ. | |
| | | | IV/744 N | 73.62ച.മീ. | |
| | | | IV/744 P,Q,R,S,T | 25.48ച.മീ. വീതം | |
| | | | IV/744 U | 114.85ച.മീ. | |

ഒരേ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ഒരേ കാലയളവിൽ തന്നെ വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-5/20.1.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി പുനർനിർണയിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-21 തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം -സെക്ഷൻ 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങൾ എന്നിവയിൽ ഏർപ്പെടുന്നവർ മേൽ ആക്ട്, ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. തൊഴിൽനികുതി രജിസ്റ്ററും റിട്ടേൺസുകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സാമ്പത്തിക വർഷത്തെ ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിരവധി കരാറുകാർ ജോലി ചെയ്തു വരുന്നതായി ബോധ്യപ്പെട്ടു (അവലംബം: അസി.എൻജിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ). എന്നാൽ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുകയോ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-6/20.1.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-22 അധിക ചെലവ്, 27631 രൂപ തിരിച്ചടച്ചു.

പോരൂർ ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഓഡിറ്റ് എൻക്വയറികൾ (ഓഡിറ്റ് എൻക്വയറി നമ്പർ 7/23-1-23, 9/23-1-23) മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് താഴെ പറയും പ്രകാരം 27631 രൂപ അടവാക്കുകയുണ്ടായി.

വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര നം | പ്രവൃത്തി | അപാകത | തിരിച്ചടച്ച തുക(12% GST ഉൾപ്പെടെ) | രശീതി നംപർ/ തീയതി |
|---|---|---|---|---|
| 1 | അരിമ്പ്ര കോളനി അംഗനവാടി കിണർ പുനരുദ്ധാരണവും അനുബന്ധ സൗകര്യം | കിണറിന് മുകളിൽ ഗ്രിൽ സ്ഥാപിക്കുന്നതിന് | 2881 രൂപ | 1220102932/ G100303/ 24-1-23 |

| | | | | |
|---|---|---|---|---|
| | ഏർപ്പെടുത്തൽ 187/22<br>അടങ്കൽ : 75000 രൂപ (CFC ഗ്രാന്റ്)<br>കരാറുകാരൻ : ശ്രീ മുഹമ്മത് സനൂബ്<br>കരാർ: 88/20-21/23-2-21 (ER)<br>ചെലവ്: 74874 രൂപ വൗച്ചർ നമ്പർ: 14/21-22/30-10-21 | DSR Code 10.25.2 പ്രകാരമുള്ള നിരക്കിന് പകരം DSR Code 9.48.1 പ്രകാരമുള്ള നിരക്ക് അനുവദിച്ചു. | | |
| 2 | മീമ്പാട്ടുചോല പൊതു കിണർ പുനരുദ്ധാരണം 179/22<br>അടങ്കൽ : 50000 രൂപ (CFC ഗ്രാന്റ്)<br>കരാറുകാരൻ : ശ്രീ മുഹമ്മത് സനൂബ് കരാർ: 83/20-21 /23-2-21 (ER)<br>ചെലവ്: 40563 രൂപ<br>വൗച്ചർ നമ്പർ: 16/21-22 /30-10-21 | -----Do-------- | 1646 രൂപ | 1220102933/ G100303/ 24-1-23 |
| 3 | എരഞ്ഞിക്കുന്ന് പൊതു കിണർ പുനരുദ്ധാരണം 181/22<br>അടങ്കൽ : 100000 രൂപ (CFC ഗ്രാന്റ്)<br>കരാറുകാരൻ : ശ്രീ മുഹമ്മത് സനൂബ് കരാർ: 85/20-21 /23-2-21 (ER)<br>ചെലവ്: 96876 രൂപ<br>വൗച്ചർ നമ്പർ: 21/21-22 /30-10-21 | -----Do-------- | 1729 രൂപ | 1220102934/ G100303/ 24-1-23 |
| 4 | കുറ്റങ്ങോട് കോളനി പൊതു കിണർ പുനരുദ്ധാരണം 180/22<br>അടങ്കൽ : 100000 രൂപ (CFC ഗ്രാന്റ്)<br>കരാറുകാരൻ : ശ്രീ മുഹമ്മത് സനൂബ് കരാർ: 84/20-21 /23-2-21 (ER)<br>ചെലവ്: 49971 രൂപ<br>വൗച്ചർ നമ്പർ: 22/21-22 /10-11-21 | -----Do-------- | 1729 രൂപ | 1220102935/ G100303/ 24-1-23 |
| 5 | ചെറുകോട് ചക്കാലക്കൽ കിണർ പുനരുദ്ധാരണം 175/22<br>അടങ്കൽ : 60000 രൂപ (CFC ഗ്രാന്റ്)<br>കരാറുകാരൻ : ശ്രീ മുഹമ്മത് സനൂബ് കരാർ: 81/20-21 | -----Do-------- | 1729 രൂപ | 1220102936/ G100303/ 24-1-23 |

| | | | | |
|---|---|---|---|---|
| | /23-2-21 (ER)<br>ചെലവ്: 52948രൂപ<br>വൗച്ചർ നമ്പർ: 23/21-22 /10-11-21 | | | |
| 6 | വിവിധ അംഗനവാടി കിണർ റിംഗ് വർക്കും ഗ്രിൽ വർക്കും 156/22<br>അടങ്കൽ : 450000 രൂപ (MG NR ഗ്രാന്റ്)<br>കരാറുകാരൻ : ശ്രീ ടി പി അബ്ദുൾ നാസർ<br>കരാർ: 97/19-20/10-3-20 (ER)<br>ചെലവ്: 402795രൂപ<br>വൗച്ചർ നമ്പർ: 31/21-22 /30-12-21 | -----Do-------- | 4019 രൂപ | 1220102937/ G100303/ 24-1-23 |
| 7 | കോഴിക്കൽക്കുന്ന് പൊതു കിണർ പുനരുദ്ധാരണം 178/22<br>അടങ്കൽ : 75000 രൂപ (CFC ഗ്രാന്റ്)<br>കരാറുകാരൻ : ശ്രീ ടി പി അബ്ദുൾ നാസർ<br>കരാർ: 73/20-21/22-2-21 (0.1% BelowER)<br>ചെലവ്: 67561രൂപ<br>വൗച്ചർ നമ്പർ: 53/21-22 /17-1-22 | -----Do-------- | 1727 രൂപ | 1220102941/ G100303/ 24-1-23 |
| 8 | പുളിയക്കോട് പൊതു കിണർ പുനരുദ്ധാരണവും അനുബന്ധ സൗകര്യം ഒരുക്കൽ 201/22<br>അടങ്കൽ : 50000 രൂപ<br>(വികസന ഫണ്ട് -ജനറൽ)<br>കരാറുകാരൻ : ശ്രീ ടി പി അബ്ദുൾ നാസർ<br>കരാർ: 66/21-22/18-2-22 (ER)<br>ചെലവ്: 45760 രൂപ<br>വൗച്ചർ നമ്പർ: 72/21-22 /18-3-22 | -----Do-------- | 1434 രൂപ | 1220102938/ G100303/ 24-1-23 |
| 9 | കാലിപ്പറമ്പ് പൊതു കിണർ പുനരുദ്ധാരണം 177/22<br>അടങ്കൽ : 60000 രൂപ<br>(വികസന ഫണ്ട് -ജനറൽ)<br>കരാറുകാരൻ : ശ്രീ പ്രസാദ് ഇ<br>കരാർ: 64/20-21/16-1-21 (ER)<br>ചെലവ്: 56568രൂപ | -----Do-------- | 2042 രൂപ | 1220102939/ G100303/2 4-1-23 |

| | | | | |
|---|---|---|---|---|
| | വൗച്ചർ നമ്പർ: 74/21-22 /18-3-22 | | | |
| 10 | ഒടങ്ങാട് കോളനി കിണർ പുനരുദ്ധാരണം 174/22<br>അടങ്കൽ : 60000 രൂപ<br>(വികസന ഫണ്ട് -ജനറൽ)<br>കരാറുകാരൻ : ശ്രീ മുഹമ്മത് സനൂബ് കരാർ: 79/20-21 /23-2-21 (ER)<br>ചെലവ്: 59975രൂപ<br>വൗച്ചർ നമ്പർ: 80/21-22 /18-3-22 | -----Do-------- | 3704 രൂപ | 1220102940/ G100303/ 24-1-23 |
| 11 | താലപ്പൊലിപ്പറമ്പ് അംഗനവാടി കെട്ടിടം പുനരുദ്ധാരണം 97/22<br>അടങ്കൽ: 150000 രൂപ.<br>(MG NR)<br>കരാറുകാരൻ: ശ്രീ ഷംസുദ്ധീൻ(ER)<br>കരാർ: 11 /21-22/13-9-21<br>ചെലവ്: 149185 രൂപ<br>വൗച്ചർ നംപർ: 78/21-22 /18-3-22 | മേൽക്കൂര സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് നിർമിച്ചതിന് സിംഗിൾ സെക്ഷന് (Code 50-10-2) പകരം ട്രസ്സ് വർക്കിന് ബാധകമായ നിരക്ക് (Code 50.10.1) നൽകി | 4991 രൂപ | 1220102931/ G100303/ 24-1-23 |
| | | ആകെ | 27631 രൂപ | |

ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 സ്ഥല പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

പ്രവൃത്തി: പൂത്രക്കോവ് സബ് സെന്റർ പുനരുദ്ധാരണം 168/22

അടങ്കൽ: 250000 രൂപ( MG NR)

കരാറുകാരൻ: അബ്ദുൾ ഗഫൂർ K T

കരാർ: 67/20-21/18-2-21 (ER)

അളവ് പുസ്തകം: 67/20-21

ചെലവ്: 194115 രൂപ ( വൗച്ചർ നമ്പർ 9/21-22/22-9-21)

മേൽ പ്രവൃത്തിയുടെ ഇനം (21) ആയി മേൽക്കൂരയിലെ വെള്ളം ഒഴുക്കി വിടുന്നതിനായി 25.20 മീറ്റർ നീളമുള്ള രണ്ടും 8.50 മീറ്റർ നീളമുള്ള ഒന്നും മഴവെള്ളപ്പാത്തികൾ സ്ഥാപിച്ചതിന് 348.53/മീറ്റർ നിരക്കിൽ 11745.46 രൂപ, അളവ് പുസ്തകം നമ്പർ 67/20-21, പേജ് 16 ലെ രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ 21-1-23 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ 25.20 മീറ്റർ നീളമുള്ള ഒരു മഴവെള്ളപ്പാത്തി മാത്രമാണ് കാണാൻ കഴിഞ്ഞത്. 25.20 മീറ്റർ നീളമുള്ള ഒന്നും 8.50 മീറ്റർ നീളമുള്ള ഒന്നും സ്ഥാപിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 17/24-1-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് , ഇലകൾ വന്ന് മഴവെള്ളപ്പാത്തിയിൽ നിറഞ്ഞത് കാരണം വെള്ളം ചുമരിലേക്ക് ചോരുന്നതിനാൽ ആയത് അഴിച്ച് വെച്ചെന്നും അഴിച്ച് വെച്ച മഴവെള്ളപ്പാത്തി നഷ്ടപ്പെട്ടതായും അറിയിച്ചിട്ടുണ്ട്. നഷ്ടപ്പെട്ട മഴവെള്ളപ്പാത്തികൾ തിരികെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-24 എയ്ഡഡ് സ്കൂളുകളിൽ ആസ്തി വികസനപ്രവൃത്തി നടത്തിയത്; അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

2019-20ൽ എയ്ഡഡ് സ്കൂളിൽ ആസ്തിവികസന പ്രവൃത്തി നടത്തിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

1)പ്രവൃത്തി: KMMAUP സ്കൂൾ ചെറുകോട് ഗേൾസ് ടോയ്ലറ്റ് നിർമാണം

അടങ്കൽ: 200000 രൂപ( വികസനഫണ്ട്-G)

കരാറുകാരൻ: കുഞ്ഞിമുഹമ്മത്

കരാർ: 69/19-20/13-2-20

അളവ് പുസ്തകം: 129/20-21

ചെലവ്: 193863 രൂപ ( വൗച്ചർ നമ്പർ 42/21-22/1-1-22)

എയ്ഡഡ് സ്കൂളിൽ ടോയ്ലറ്റ് നിർമിക്കുന്നതിനുള്ളതാണ് മേൽ പ്രൊജക്ട്. സ്വകാര്യ മാനേജ്മെന്റിന് കീഴിലുള്ള എയ്ഡഡ് സ്കൂളിലാണ് മേൽ പ്രകാരമുള്ള ആസ്തിവികസന പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവ്(കൈ) നമ്പർ.11/2018 /തസ്വഭവ/തീയതി 29-1-2018 പ്രകാരമുള്ള 13-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്ലറ്റും വാഷ്ബെയ്സിനും അവയിൽ ജലലഭ്യതയും ശുചിത്വസൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം മാത്രം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പേടുത്താനാണ് വ്യവസ്ഥയുള്ളത്. ആയതിനാൽ എല്ലാ സർക്കാർ സ്കൂളുകളിലും മേൽ സൗകര്യം ഉണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (നമ്പർ 8/23-1-23) മേൽ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നമ്പർ/തീയതി. |
|---|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി നമ്പർ, പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 600000 | 34/22 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-ജനറൽ | 600000 | 0 |
| | 50000 | 35/2022 ശാരീരിക മാനസിക | 50000 | 0 |

| | | | | |
|---|---|---|---|---|
| | | വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-എസ്.സി | | |
| | 300000 | 51/2022, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| | 400000 | 144/2022 ലൈഫ് മിഷൻ ഭവന നിർമാണം എസ്.സി. | 400000 | 0 |
| | 550000 | 147/2022 ലൈഫ് മിഷൻ ഭവന നിർമാണം-എസ്.സി. | 550000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 130356 | 1/22 നെൽകൃഷി വികസനം | 130356 | 0 |
| | 335769 | 34/22 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ജനറൽ | 335769 | 0 |
| | 450000 | 142/2022 ലൈഫ് പദ്ധതി-ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ എസ്.സി | 450000 | 0 |
| | 300000 | 51/2022, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നല്കിയ തുക | ചെല വഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| Ground Water Department | 242/22, കോഴിക്കുന്ന് കുടിവെള്ള പദ്ധതി-കുഴൽ കിണർ നിർമാണവും അനുബന്ധ പ്രവർത്തനവും | 22101281/7.3.2022 | 100000 | 100000 | പൂർത്തീകരിച്ചു | 0 |
| Ground Water Department | 135/22, വിവിധ കുഴൽ കിണർ നിർമാണം | 22101155/1.11.2021 | 611606 | 611606 | പൂർത്തീകരിച്ചു | 0 |
| KSEB | 210/22, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 22101153/1.11.21 | 249924 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 249924 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | - | 2860000 | 12342295 | 1905431 | 0 | 13296864 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ എ.എഫ്.എസ്. പ്രകാരം 50/- രൂപയാണ് വരവുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2004-05 | 2(6) | 50 | ശ്രീ. അനിൽകുമാർ കെ.പി. | 1210101621 തി.20.12.2021 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 2001-02 | 26 | 2004-05 | | മരാമത്ത് പണികൾ പൂർത്തീകരണ വിവരമില്ല. | നിലനിൽക്കുന്നു. |
| 2000-01 2001-02 | 22 | 2004-05 | | അവസാന ബില്ല്, പദ്ധതി നിർവ്വഹണ രേഖകൾ, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. | നിലനിൽക്കുന്നു. |
| 2004-05 | 3(9) | 2006-07 | | വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തത് - പൂർത്തീകരണ വിവരമില്ല. | നിലനിൽക്കുന്നു. |
| 2004-05 | 3(34) | 2006-07 | | മുൻകൂർ തുക കൈപ്പറ്റി പണി പൂർത്തിയാക്കിയില്ല. പദ്ധതി പണം പാഴായി. | നിലനിൽക്കുന്നു. |
| 2014-15 | 2(4) | 2014-15 | | തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യുന്നില്ല. | നിലനിൽക്കുന്നു. |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക.

| *ക്ര നം* | *റിപ്പോർട്ട് വർഷം* | *ഖണ്ഡിക നമ്പർ* | *ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക* | *ചാർജ്ജ് സർട്ടിഫിക്കറ്റ്* | *സ്വയം അടവാക്കിയ തുക* | *റവന്യൂ റിക്കവറിയിലൂടെ* | *കോടതി വ്യവഹാരങ്ങളിൽ* | *ആകെ ലഭ്യമായ* | *അവശേഷിക്കുന്ന തുക* |
|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | *സ്ഥാനം, ഭരണ വകുപ്പ്.* | | | *(രസീത് നമ്പര്, തിയ്യതി)* | *ഈടാക്കിയ തുക, രസീത്* | | | *തുക* | |
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1. | 2002-03 | 2-7 | ശ്രീ.നീലകണ്ഠൻ, ഹെഡ്ക്ലർക്ക്. | LF-11153/ Spl.cell /16411 /SC5/2006 Dt. 07.04.2009 | 5500 | 0 | -- | -- | -- | 0 | 5500 |

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക.

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 117844626 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 106259278 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1647340/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 752500 | ശ്രീ. ഫാജിഷ് വഹാബ് എ,വി.ഇ.ഒ |
| 1-16-2 | 15799 | ശ്രീ.സത്യകുമാരൻ.കെ.കെ., സെക്രട്ടറി |
| 1-16-3 | 60537 | ശ്രീ.സത്യകുമാരൻ.കെ.കെ., സെക്രട്ടറി |
| 1-16-4 | 8580 | ശ്രീ.സത്യകുമാരൻ.കെ.കെ., സെക്രട്ടറി |
| 1-17 | 809924 | ശ്രീ.സത്യകുമാരൻ.കെ.കെ., സെക്രട്ടറി |
| ആകെ | 1647340 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം . | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01<br>2001-02 | കെ.എസ്.എ.എം.പി.എം.5/2011(3)/2022<br>തിയ്യതി: 06-09-2022 | 02 |
| 2004-05 | കെ.എസ്.എ.എം.പി.എം.5/2011(7)/2022<br>തിയ്യതി: 06-09-2022 | 2 |
| 2007-08 | കെ.എസ്.എ.എം.പി.എം.5/2011(10)/2022<br>തിയ്യതി: 06-09-2022 | 1 |
| 2011-12 &<br>2012-13 | എൽ.എഫ്.എം.5/2011(12)/2022<br>തിയ്യതി: 06-09-2022 | 10 |
| 2013-14<br>&2014-15 | കെ.എസ്.എ.എം.പി.എം5/2011(13)/2022<br>തിയ്യതി: 06-09-2022 | 2 |
| 2015-16 | കെ.എസ്.എ.എം.പി.എം 5/3310/16 തിയ്യതി:15.03.2018 | 17 |
| 2016-17 | കെ.എസ്.എ.എം.പി.എം 5/1423/17 തിയ്യതി:19.07.18 | 15 |
| 2017-18 | കെ.എസ്.എ.എം.പി.എം 5/2626/18 തിയ്യതി:10.04.19 | 19 |
| 2018-19 | കെ.എസ്.എ.എം.പി.എം 5/2854/19 തിയ്യതി:10.11.2021 | 06 |
| 2019-20 | കെ.എസ്.എ.എം.പി.എം 5/1048/22<br>തിയ്യതി:07.06.2022 | 25 |
| 2020-21 | കെ.എസ്.എ.എം.പി.എം 5/1488/22<br>തിയ്യതി:22-09-2022 | 13 |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.2/2023

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്